(ബി) റിവോൾവിംഗ് ഫണ്ടിനായി പഞ്ചായത്തുകളിൽ നിന്നും ലഭിച്ച അപേക്ഷകൾ റിവോൾവിംഗ് ഫണ്ട് സാങ്ഷനിംഗ് കമ്മിറ്റിയിൽ വയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകുകയും, പൈപ്പുകൾ ലഭ്യമാകുകയും കരാറുകൾ നൽകുകയും ചെയ്യുന്ന മുറയ്ക്ക് പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

മലരിയ്ക്കൽ ഫിഷർമെൻ കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

76 [1762] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നിയോജകമണ്ഡലത്തിലെ തിരുവാർപ്പ് പഞ്ചായത്തിൽപ്പെട്ട മലരിയ്ക്കൽ ഫിഷർമെൻ കോളനിയിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൽ.ഐ.സി. ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുള്ള കുമരകം, തിരുവാർപ്പ് ശുദ്ധജലവിതരണ പദ്ധതിയിൽ ഈ മേഖലയെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ പണി പൂർത്തിയാകുന്നതോടെ പ്രസ്തുത കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കരുനാഗപ്പള്ളി, ആലപ്പാട് പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം

77 [1763] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കരുനാഗപ്പള്ളി, ആലപ്പാട് പഞ്ചായത്തുകളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാട്ടർ അതോറിറ്റി, ഭൂഗർഭ ജലവകുപ്പ് എന്നിവയുടെ സംയോജിച്ചുള്ള പ്രവർത്തനങ്ങൾ വഴി കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും കുഴൽകിണർ, ബോർവെൽ എന്നിവയുടെ പുനഃരുദ്ധാരണം നടത്തുകയും തകരാറിലായ കുഴൽക്കിണറുകൾക്ക് പകരം പുതിയവ നിർമ്മിക്കുകയും കേടായ പൈപ്പ് ലൈൻ മാറ്റുകയും ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിലേക്ക് പൈപ്പുലൈനുകൾ നീട്ടുകയും ചെയ്തിട്ടുണ്ട്. കുഴൽ കിണറുകൾ പുതുതായി നിർമ്മിക്കുന്നതിനും കേടായവ പുനഃരുദ്ധരിക്കുന്നതിനും കേരളാ വാട്ടർ അതോറിറ്റിയും ഭൂഗർഭജല വകുപ്പും കൂട്ടായി പ്രവർത്തിക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭൂഗർഭജല വകുപ്പ് കുഴൽകിണറുകൾ നിർമ്മിച്ച് നൽകുകയും ചെയ്യുന്നുണ്ട്.

സമ്പൂർണ്ണ ശുചിത്വ പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി

78 [1764] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ശുചിത്വ പദ്ധതി സംസ്ഥാനത്ത് ഇപ്പോൾ എത്ര ജില്ലകളിലാണ് നടപ്പിലാക്കിവരുന്നത്; മറ്റു ജില്ലകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്ക് മൊത്തം എന്ത് തുക ഇതിനകം ചെലവഴിക്കുകയുണ്ടായി; കേന്ദ്ര വിഹിതമായി ലഭിച്ച തുകയെത്ര;

(സി) പുതിയ ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് തന്നാണ്ടിൽ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തുകയുണ്ടായെന്നും എന്തു തുക ഇതിനകം ചെലവഴിക്കുകയുണ്ടായി എന്നും വിശദമാക്കുമോ;

(ഡി) നടപ്പിലാക്കി വരുന്ന ജില്ലകളിലെ സമ്പൂർണ്ണ ശുചിത്വ പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly